സ്വന്തം സംസ്ഥാനത്തിനുള്ളിൽ ഓപ്പറേറ്റ് ചെയ്യുന്ന റൂട്ടുകളിൽ ഭേദഗതി ചെയ്യാൻ വ്യവസ്ഥയുണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) അന്തർസംസ്ഥാന കരാർ പുനഃപരിശോധിക്കേണ്ടത് ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകളാണ്. കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് തൊട്ടു മുൻപെ തമിഴ്നാട് ബസ്സുകൾ സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെടു മ്പോഴൊക്കെ കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ സമയം കൂടുതൽ വരു മാനം ലഭിക്കുന്ന തരത്തിൽ ഭേദഗതി ചെയ്യാറുണ്ട്.

മണമ്പൂർ വഴി വർക്കലയിലേയ്ക്ക് ബസ്സ് സർവ്വീസ്

91(1915) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽനിന്നും മണമ്പൂർ-തോപ്പുവിള തമ്പുരാൻനട, ചേന്ദൻകോട് വഴി വർക്കലയിലേക്ക് ഒരു കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാട്ടുകാരും പഞ്ചായത്തും എം.എൽ. എ.യും ചേർന്ന് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റൂട്ട് ഇൻസ്പെക്ഷൻ നടത്തുകയും ഉടൻ ഈ സർവ്വീസ് ആരം ഭിക്കുകയും ചെയ്യാമെന്ന് കെ.എസ്.ആർ.ടി.സി. അധികൃതർ ഉറപ്പു നൽകിയി രുന്നുവോ; ഈ റൂട്ടിൽ കൂടി ഒരു സർവ്വീസും നിലവിൽ ഇല്ലാത്തതുകൊണ്ട് സർവ്വീസ് ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഒരു എം.എൽ.എ.യ്ക്ക് ഒരു ബസ്സ് സർവ്വീസ് ആരംഭിക്കാൻ അനുവാദം നൽകാമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇനിയെ ങ്കിലും ഈ സർവ്വീസ് ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റൂട്ടിലെ റോഡ് സർവ്വീസ് ഓപ്പറേഷനു അനുയോ ജ്യമല്ലെന്നു കണ്ടതിനാൽ സർവ്വീസ് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) എം.എൽ.എ. യുടെ ആവശ്യപ്രകാരം ആറ്റിങ്ങൽ, ആലംകോട്, തൊടിക്കല്ല്, നെല്ലിക്കോട്, ചേന്ദൻകോട് വഴി വർക്കലയിലേയ്ക്ക് സർവ്വിസ് ആരംഭിച്ചു. പ്രസ്തുത റൂട്ടിൽ പൈപ്പുലൈൻ പണി നടക്കുന്നതിനാൽ റൂട്ട് മാറ്റിയാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത്.

കെ.എസ്.ആർ.ടി.സി.യിൽ പുതിയ ബസ്സുകൾ വാങ്ങുവാൻ നടപടി

92(1916)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ നവീകരിക്കാനും ആദായകരമാ ക്കാനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്ത മാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly